# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 684:

19/03/2013- ൽ മറുപടിക്ക്

## ചരലും ഗ്രാവലും പോലുള്ള നിർമ്മാണ സാധനങ്ങളുടെ ദൗർലഭ്യം

ചോദ്യം

ഉത്തരം

ശ്രീ. പി. തിലോത്തമൻ :

ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | ചരലും ഗ്രാവലും പോലുള്ള നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | | മണൽ, ചരലും, ഗ്രാവലും പോലുള്ള നിർമ്മാണ സാമഗ്രികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ വിവിധ മാർഗ്ഗങ്ങൾ ആരാഞ്ഞിരുന്നു. ഡാമുകൾ ഡീ-സിൽറ്റ് ചെയ്യുക, മണൽ നീക്കം ചെയ്യുക, മൈനർ പോർട്ട്, ഫിഷിംഗ് ഹാർബർ എന്നിവിടങ്ങളിലെ മണലും മറ്റും നീക്കം ഡ്രഡ്ജ് ചെയ്യുക എന്നിവയാണ് പ്രായോഗികമായി ഉയർന്നു വന്ന നിർദ്ദേശങ്ങൾ. ഈ വിഷയത്തിൽ സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഈ വിഷയത്തിൽ, സമഗ്ര നയരൂപീകരണ ത്തിനായി ശുപാർശകൾ സമർപ്പിക്കാൻ, ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കേരള നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടാത്ത ഭൂമികളിൽ കാണപ്പെടുന്ന കരമണൽ ഖനനം ചെയ്യുന്നതിനുള്ള അനുമതി മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്നു. |

സെക്ഷൻ ഓഫീസർ